പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **--2909** **22.06.2012-** ലെ മറുപടിക്ക്

## പ്രവാസികൾക്ക് പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് പെൻഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) കേരള പ്രവാസികേരളീയ ക്ഷേമ ബോർഡ് മുഖാന്തിരം നിശ്ചിത അംശാദായമടച്ച് 55 വയസ്സിനുള്ളിൽ അംഗത്വമെടുക്കുന്ന പ്രവാസികൾക്ക് 60 വയസ്സ് കഴിഞ്ഞാൽ പെൻഷൻ നൽകാനുള്ള പദ്ധതി നിലവിലുണ്ട്. |
| (ബി)എങ്കിൽ പ്രതിമാസ പെൻഷൻ എന്ത് തുകയായിരിക്കും; | (ബി) വിദേശ മലയാളികൾക്ക് 1000 രൂപയും കേരളത്തിനുപുറത്ത് ഇന്ത്യയിൽ താമസിച്ചിരുന്ന പ്രവാസികൾക്ക് 500 രൂപയും കുറഞ്ഞ പെൻഷൻ നിശ്ചയിച്ചിരിക്കുന്നു. |
| (സി)പെൻഷൻ വിതരണം ഏത് ഏജൻസി മുഖേന നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ? | (സി) പ്രവാസി ക്ഷേമനിധി ബോർഡ് മാർഗ്ഗമാണ് പെൻഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ